ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.04.2026** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. തൃശൂർ വെടിക്കെട്ട് അപകടത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ. അപകടത്തിൽ മരണം 14 ആയി. അഞ്ച് പേരുടെ നില ഗുരുതരം.

   **Thrissur fireworks blast: Kerala Govt orders judicial probe; death toll rises to 14; five critical.**

2. തമിഴ്നാട്ടിലും, പശ്ചിമബംഗാൾ ഒന്നാംഘട്ട തിരഞ്ഞെടുപ്പിലും നാളെ വോട്ടെടുപ്പ്. ഒരുക്കങ്ങൾ പൂർണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **Tamil Nadu and West Bengal set for Phase 1 polls tomorrow; Election Commission completes all preparations.**

3. പഹൽഗാം ഭീകരാക്രമണത്തിന്റെ ഒന്നാം വാർഷികത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിച്ച് രാജ്യം. ഇന്ത്യയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് വിദേശ പ്രതിനിധികളും.

   **Nation honors victims of Pahalgam terror attack on first anniversary; global leaders express solidarity with India.**

4. രാജ്യത്ത് എണ്ണയുടെയും പാചകവാതക ത്തിന്റെയും തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കുന്നുണ്ടെന്ന് കേന്ദ്ര സർക്കാർ.

   **Centre assures uninterrupted supply of oil and cooking gas across the country.**

5. സമാധാന ചർച്ചകൾ തുടരുന്നതിനായി ഇറാനുമായുള്ള വെടിനിർത്തൽ കാലാവധി അനിശ്ചിതകാലത്തേക്ക് നീട്ടുന്നതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

   **US president Donald Trump extends Iran ceasefire indefinitely to continue peace talks.**

6. ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സ് ഫീൽഡിങ് തിരഞ്ഞെടുത്തു.

   **In IPL cricket Lucknow Super Giants win toss, opt to field against Rajasthan Royals.**

## THRISSUR - BLAST

തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര അപകടത്തെ തുടർന്ന് വെന്റിലേറ്ററിൽ ചികിത്സയിൽ ആയിരുന്ന ഒരാൾ കൂടി മരിച്ചു. പട്ടാമ്പി സ്വദേശി പ്രവീൺ ആണ് മരിച്ചത്. ഇതോടെ മരണസംഖ്യ 14 ആയി. ചികിത്സയിലുള്ള 11 പേരിൽ അഞ്ച് പേരുടെ നില ഗുരുതരമാണ്. അപകടത്തിനിരയായവരുടെ 9 മൃതദേഹങ്ങളിൽ നിന്നും എട്ട് പേരെ ഇതിനകം തിരിച്ചറിഞ്ഞതായി തൃശൂർ ജില്ല കളക്ടർ ശിഖ സുരേന്ദ്രൻ അറിയിച്ചു. 4 പേരെ കാണാതായതായി ബന്ധുക്കൾ ഇതിനകം വിവരം നൽകിയിട്ടുണ്ട്. മൃതദേഹങ്ങളിൽ നിന്നും, അപകട സ്ഥലത്തുനിന്ന് കിട്ടിയ ശരീര ഭാഗങ്ങളിൽ നിന്നും ശേഖരിച്ച

ഡിഎൻഎ സാമ്പിളുകളുടെ പരിശോധന ഫലം നാല് ദിവസത്തിനകം ലഭിക്കുമെന്നും കളക്ടർ അറിയിച്ചു.

***************************

## THRISSUR 2

മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനത്തിൽ സംസ്ഥാന സർക്കാർ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. ജസ്റ്റിസ് C.N. രാമചന്ദ്രൻനായരുടെ ഏകാംഗ കമ്മീഷനാണ് അന്വേഷണച്ചുമതല. അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 14 ലക്ഷം രൂപ വീതം അടിയന്തിര ധനസഹായം നൽകാനും മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. പരിക്കേറ്റവർക്ക് ദുരന്തപ്രതികരണ നിധി പ്രകാരമുള്ള തുകയ്ക്കു പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നു രണ്ട് ലക്ഷം രൂപയും അനുവദിക്കും. പരിക്കേറ്റവരുടെ ചികിത്സാചെലവും സർക്കാർ ഏറ്റെടുക്കും. മുണ്ടത്തിക്കോട് അപകടത്തെ സംസ്ഥാനത്തെ സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്നതിന് ദുരന്തനിവാരണ അതോറിറ്റിക്ക് മന്ത്രിസഭായോഗം നിർദ്ദേശം നൽകി.

***************************

## STOP MEMO

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തത്തിൻ്റെ പശ്ചാത്തലത്തിൽ, പാലക്കാട് മുതലമട വെള്ളാരം കടവിലുള്ള വെടിമരുന്ന് നിർമ്മാണശാലയ്ക്ക്, ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകി. പാറമേക്കാവിന്റെ വെടിക്കെട്ട് നിർമ്മാണമാണ് ഇവിടെ നടക്കുന്നത്.

***************************

## TN WB ELECTION (INTRO)

തമിഴ്നാട്ടിലും, പശ്ചിമബംഗാൾ ഒന്നാംഘട്ട തിരഞ്ഞെടുപ്പിലും വോട്ടെടുപ്പ് നാളെ നടക്കും. വോട്ടെടുപ്പിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്...**

*(വോയിസ്)*

*തമിഴ്നാട്ടിലെ 234 നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള വോട്ടെടുപ്പ് നാളെ ഒറ്റഘട്ടമായി നടക്കും. രാവിലെ 7:00 മുതൽ വൈകിട്ട് 6:00 വരെയാണ് വോട്ടെടുപ്പ്. അഞ്ച് കോടി 73 ലക്ഷത്തിലധികം വോട്ടർമാരാണ് തമിഴ്നാട്ടിൽ സമ്മതിദാന അവകാശം വിനിയോഗിക്കുക. പശ്ചിമ ബംഗാളിൽ 16 ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന 152 നിയമസഭാ മണ്ഡലങ്ങളിലാണ് നാളെ ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. 167 വനിതകൾ ഉൾപ്പെടെ 1,478 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 44,000 ലേറെ പോളിങ്ങ് ബൂത്തുകളാണ് ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ബൂത്തുകളിലും വെബ്കാസ്റ്റിങ്ങ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 5,444 ബൂത്തുകളുടെ പൂർണ്ണ നിയന്ത്രണം വനിതകൾക്കായിരിക്കും. 207 മോഡൽ ബൂത്തുകളും ഭിന്നശേഷിക്കാർ നിയന്ത്രിക്കുന്ന രണ്ട് പ്രത്യേക ബൂത്തുകളും ഇത്തവണ സജ്ജമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 29 നാണ്. നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണൽ മെയ് നാലിനാണ്.*

*ന്യൂസ് ഡസ്ക്, ആകാശവാണി*

**************************

# TN ELECTION HOLIDAY

തമിഴ്നാട് നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തമിഴ്നാട് സ്വദേശികളായ വോട്ടർമാർക്ക് പോളിംഗ് ദിനമായ നാളെ ശമ്പളത്തോട് കൂടിയ അവധി പ്രഖ്യാപിച്ചു. ദിവസവേതനക്കാർക്കും താൽക്കാലിക ജീവനക്കാർക്കും അവധി ബാധകമാണ്. തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും വോട്ടർമാരായി രജിസ്റ്റർ ചെയ്തിട്ടുള്ള പുതുച്ചേരിയിലുള്ള ജീവനക്കാർക്ക് നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ ശമ്പളത്തോട് കൂടിയ അവധി നൽകണമെന്ന് പുതുച്ചേരി ചീഫ് ഇലക്ടറൽ ഓഫീസറും നിർദ്ദേശം നൽകി.

***************************

## ECI--TN-WB

¬നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമബംഗാളിലും 1,000 കോടിയിലധികം രൂപ പിടിച്ചെടുത്തതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. മാതൃക പെരുമാറ്റച്ചട്ടത്തിൻറെ ഭാഗമായി തിരഞ്ഞെടുപ്പ് കമ്മീഷൻറെ നേതൃത്വത്തിൽ കള്ളപ്പണം ഉൾപ്പെടെ പിടിക്കുന്നതിന് രണ്ട് സംസ്ഥാനങ്ങളിലുമായി 5,000 ഫ്ലൈയിങ് സ്ക്വാഡ് സംഘത്തെയും 5,300 ലധികം സ്റ്റാറ്റിക് സർവൈയലൻസ് സംഘത്തെയും വിന്യസിച്ചിട്ടുണ്ടെന്ന് കമ്മീഷൻ വ്യക്തമാക്കി.

***************************

## PM - RAJNATH - PAHALGAM

ജമ്മു കശ്മീരിലെ പഹൽഗാമിൽ നിരപരാധികളായ 26 വിനോദസഞ്ചാരികൾ കൊല്ലപ്പെട്ട ഭീകരാക്രമണം നടന്നിട്ട് ഇന്ന് ഒരു വർഷം പൂർത്തിയായി. ഇതിന് മറുപടിയായി ഓപ്പറേഷൻ സിന്ദൂർ' എന്ന പേരിൽ അതിശക്തമായ സൈനിക നടപടിയാണ് ഇന്ത്യ സ്വീകരിച്ചത്. നിയന്ത്രണരേഖയ്ക്ക് അപ്പുറത്തുള്ള ഭീകരവാദ കേന്ദ്രങ്ങൾ തകർക്കാൻ ലക്ഷ്യമിട്ട്

നടത്തിയ ഈ നീക്കത്തിൽ പാകിസ്ഥാനിലും പാക് അധീന കശ്മീരിലുമായി ഒൻപതോളം ഭീകര ക്യാമ്പുകൾ തകർത്തു. നൂറിലധികം ഭീകരരെ വധിക്കാനും സാധിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ പഹൽഗാം ആക്രമണത്തിലെ ഇരകൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. എല്ലാതരം ഭീകരാക്രമണങ്ങളേയും നേരിടുമെന്ന രാജ്യത്തിന്റെ നിശ്ചയദാർഢ്യം അവർ ആവർത്തിച്ചു. മനുഷ്യത്വത്തിന്റെ അതിർവരമ്പുകൾ ലംഘിക്കപ്പെട്ടാൽ തിരിച്ചടി നിർണ്ണായകമായിരിക്കുമെന്ന് കരസേന സമൂഹമാധ്യമത്തിൽ കുറിച്ചു.

***************************

## EU-PAHALGAM

പഹൽഗാം ഭീകരാക്രമണത്തിന്റെ ഒന്നാം വാർഷികത്തിൽ ഇന്ത്യയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് യൂറോപ്യൻ യൂണിയൻ. പഹൽഗാം ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട 26 പേരെ അനുസ്മരിച്ച യൂറോപ്യൻ യൂണിയൻ തങ്ങൾ ഇന്ത്യൻ ജനതയ്ക്കൊപ്പമാണെന്ന് പ്രസ്താവനയിൽ അറിയിച്ചു. ഓസ്ട്രേലിയൻ ഹൈകമ്മിഷണർ ഫിലിപ് ഗ്രീൻ, ബ്രിട്ടീഷ് ഹൈക്കമ്മീഷൻ, ഇസ്രയേൽ വിദേശകാര്യമന്ത്രി ഗിഡോൺ സാർ എന്നിവരും പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരെ അനുസ്മരിക്കുകയും ഭീകരവാദത്തിനെതിരായ പോരാട്ടത്തിൽ ഇന്ത്യയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു.

***************************

## INTER-MINISTERIAL BRIEFING (INTRO)

രാജ്യത്ത് എണ്ണയുടെയും പാചകവാതകത്തിന്റെയും തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കുന്നുണ്ടെന്ന് കേന്ദ്ര

സർക്കാർ. ഗാർഹിക എൽപിജി വിതരണം സാധാരണ നിലയിലാണെന്നും പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. ഇന്നലെ മാത്രം ഏകദേശം 51 ലക്ഷം ഗാർഹിക എൽപിജി സിലിണ്ടറുകൾ വിതരണം ചെയ്യതായും അവർ അറിയിച്ചു.

(ബൈറ്റ് - സുജാത ശർമ്മ)

***************************

## TRUMP-CEASEFIRE

സമാധാന ചർച്ചകൾ തുടരുന്നതിനായി ഇറാനുമായുള്ള വെടിനിർത്തൽ കാലാവധി അനിശ്ചിതകാലത്തേക്ക് നീട്ടുന്നതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. എന്നാൽ ഇറാന്റെ തുറമുഖങ്ങൾക്കുമേലുള്ള നാവിക ഉപരോധം തുടരുമെന്നും, ഇറാൻ കൃത്യമായ സമാധാന നിർദ്ദേശം മുന്നോട്ടുവെച്ചാൽ മാത്രമേ ഇതിൽ മാറ്റമുണ്ടാകൂ എന്നും ട്രംപ് വ്യക്തമാക്കി. അമേരിക്കയുടെ ഈ ഏകപക്ഷീയ പ്രഖ്യാപനത്തോട് ഇറാൻ ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

***************************

## IRGC-HORMUZ

ഹോർമുസ് കടലിടുക്കിലിൽ രണ്ട് കപ്പലുകൾ പിടിച്ചെടുത്തതായി ഇറാൻറെ ഇസ്ലാമിക് റെവലൂഷ്യണറി ഗാർഡ് കോപ്സ് അറിയിച്ചു. കപ്പലുകൾ പ്രാദേശിക ജലാതിർത്തി ലംഘിച്ചതായും അനുമതിയില്ലാതെ കടലിടുക്ക് കടക്കാൻ ശ്രമിച്ചതായും ഐ.ആർ.ജി.സി. ആരോപിച്ചു.

***************************

## REV. UK FRANCE TALKS

ഹോർമുസ് കടലിടുക്ക് വീണ്ടും തുറക്കുന്നതിനായി ബ്രിട്ടന്റെയും ഫ്രാൻസിന്റെയും നേതൃത്വത്തിൽ ഇന്ന് ലണ്ടനിൽ ചർച്ചകൾ ആരംഭിക്കുമെന്ന് യുകെ പ്രതിരോധ മന്ത്രാലയം. 30-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. വെടിനിർത്തൽ കരാറും അതിനോടൊപ്പം ഒരു ബഹുരാഷ്ട്ര ചട്ടക്കൂടിന് കീഴിലെ സൈനിക ആസൂത്രണവുമാണ് ലക്ഷ്യംവെക്കുന്നത്.

***************************

## IPL

ഐ പി എൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ്, രാജസ്ഥാൻ റോയൽസ് മത്സരം ആരംഭിച്ചു. ടോസ് നേടിയ ലഖ്നൗ ഫീൽഡിങ് തിരഞ്ഞെടുത്തു. ഉത്തർപ്രദേശിലാണ് മത്സരം.

***************************

## TEMPERATURE

കേരളത്തിൽ മറ്റന്നാൾ വരെ കനത്ത ചൂട് തുടരും. പാലക്കാട് ജില്ലയിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും; കൊല്ലം ജില്ലയിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും; കോട്ടയം ജില്ലയിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യതയുണ്ട്.

***************************

## SELF ENUMERATION

2027 ലെ ജനസംഖ്യാ കണക്കെടുപ്പിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുജനങ്ങൾക്ക്, സ്വന്തമായി വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താനുള്ള സെൽഫ് എന്യുമറേഷൻ സൗകര്യം ജൂൺ 16 മുതൽ 30 വരെ ലഭ്യമാകും. ഇതിലൂടെ സെൻസസ് ഉദ്യോഗസ്ഥർ വീടുകളിൽ എത്തുന്നതിന് മുൻപ് തന്നെ വ്യക്തികൾക്ക് കുടുംബവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓൺലൈൻ പോർട്ടൽ വഴി നേരിട്ട് സമർപ്പിക്കാനാകും. se.census.gov.in എന്ന പോർട്ടൽ സന്ദർശിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം ലഭിക്കുന്ന 11 അക്ക സെൽഫ്-ഇന്യൂമറേഷൻ ഐഡി, സെൻസസ് ഉദ്യോഗസ്ഥർ വീട് സന്ദർശിക്കുമ്പോൾ കൈമാറാവുന്നതാണ്. ജൂൺ 30-നകം സെൽഫ്-ഇന്യൂമറേഷൻ പൂർത്തിയാക്കാൻ കഴിയാത്തവരുടെ വിവരങ്ങൾ ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിക്കും.

***************************

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 26-ന് രാവിലെ 11-മണിക്ക്.

*

**************

****************************************